**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 ജൂൺ 21, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) പട്ടിക സമുദായത്തിലെ ഭവനരഹിതർക്കുള്ള വീട് നിർമ്മാണം.

ശ്രീ. കെ.കെ. ഷാജു: 2006-07-ൽ സംസ്ഥാനത്തെ പട്ടികസമുദായത്തിലെ ഭവനരഹിതർക്ക് വീടുവച്ചു നൽകുന്നതിന് നടപ്പിലാക്കിയ ഭവനനിർമ്മാണ പദ്ധതിയെ ഈ സർക്കാർ അട്ടിമറിച്ചു. മുടന്തൻ ന്യായങ്ങൾ പറഞ്ഞ്, ഇതിലേയ്ക്ക് നീക്കി വച്ചിരുന്ന 35 കോടി രൂപ ലാപ്സാക്കുകയും പതിനേഴരക്കോടി രൂപ നിർമ്മിതി കേന്ദ്രത്തിനും ഹൗസിംഗ് ബോർഡിനുമായി വീതിച്ചു നൽകുകയും ചെയ്തിരിക്കുകയുമാണ്. ഹൗസിങ് ബോർഡും നിർമ്മിതി കേന്ദ്രവും സമയബന്ധിതമായി വീടു വച്ചു നൽകിയില്ലെങ്കിൽ പന്ത്രണ്ടര ശതമാനം പലിശ സഹിതം ഈ തുക ഗുണഭോക്താക്കളിൽ നിന്നും പിടിക്കണമെന്നാണ് നിബന്ധന. ഫൈനാൻഷ്യൽ കോഡും സാമ്പത്തിക

ധനവിനിയോഗമാനദണ്ഡങ്ങളും ലംഘിച്ച് ഇതു സംബന്ധിച്ച് ഈ ഗവൺമെന്റ് എം.ഒ.യു. ഒപ്പു വച്ചിരിക്കുകയാണ് ഈ പ്രവൃത്തി പട്ടികസമുദായക്കാരെ അപമാനിക്കുന്നതിനു തുല്യമാണ്. ഹൗസിംഗ് ബോർഡും നിർമ്മിതി കേന്ദ്രവും ഇതുവരെ ഒരു വീടും നിർമ്മിച്ചു കൊടുത്തിട്ടില്ല. നിലവിലുണ്ടായിരുന്ന ഭവന നിർമ്മാണ പദ്ധതി വഴി ഈ വിഭാഗങ്ങൾക്ക് വീടു വച്ചു കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഉർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഭവനരഹിതരായ പട്ടികസമുദായത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണ പദ്ധതിയുടെ അവലോകന യോഗത്തിൽ ഇതു പ്രകാരം അനുവദിച്ച വീടുകളിൽ പകുതിപോലും പണി പൂർത്തീകരിച്ചിട്ടില്ല എന്നാണ് മസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പണി പൂർത്തീകരിക്കാത്ത 8548 വീടുകൾക്ക് 25.25 കോടി രൂപ അനുവദിക്കുകയും കഴിഞ്ഞ സാമ്പത്തിക വർഷം 4600 വീടുകളുടെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്നവയുടെ പണി പൂർത്തീകരിക്കുന്നതിന് കോർപ്പസ് ഫണ്ടിൽ നിന്ന് ഈ വർഷം 10.4 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2001-06 കാലയളവിൽ ഭവന നിർമ്മാണ രംഗത്ത് ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വന്ന സാഹചര്യത്തിലാണ് ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി വിളിച്ചു കൂട്ടിയ റിവ്യൂ കമ്മിറ്റിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നിർമ്മിതി കേന്ദ്രത്തേയും ഹൗസിംഗ് ബോർഡിനേയും ഏല്പിക്കാൻ തീരുമാനിച്ചത്. ലക്ഷ്യം കൈവരിക്കുന്നതിൽ അവർ

പരാജയപ്പെടുകയാണെങ്കിൽ പണം നേരിട്ടു ബെനിഫിഷ്യറീസിനെ ഏല്പിക്കുന്ന കാര്യം പുന:പരിശോധിക്കുന്നതാണ്. കഴിഞ്ഞ വർഷം 5,000 വീടു നിർമ്മിക്കുന്നതിന് 35 കോടി രൂപ പ്രസ്തുത സ്ഥാപനങ്ങൾക്ക് കൊടുക്കുകയും അവർ പണിയാരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു വീടുകളുടെ പണി ആറു മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ പരിശോധിക്കുന്നതാണ്. സാങ്കേതിക കാരണങ്ങളാൽ സംസ്ഥാന ഉപദേശക സമിതി യോഗം വിളിച്ചു കൂട്ടാൻ സാധിച്ചില്ല. വർഷത്തിലൊരിക്കൽ യോഗം വിളിക്കണമെന്നാണ് നിലവിലുള്ള വ്യവസ്ഥ. ഉപദേശക സമിതിയോഗം എത്രയും പെട്ടെന്നു വിളിച്ചു ചേർക്കാം. ഏതെങ്കിലും രൂപത്തിലുള്ള അലംഭാവം നിർമ്മിതി കേന്ദ്രത്തിന്റെയും ഭവന നിർമ്മാണ ബോർഡിന്റെയും ഭാഗത്തു നിന്നുമുണ്ടായാൽ തീർച്ചയായും അതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ്</u>

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 110 അടിയായി നിജപ്പെടുത്തി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. ഏറ്റവും പഴക്കം ചെന്ന ഈ ഡാമിന്റെ ജലനിരപ്പ് 136 അടിയിൽ നിന്നും ഉയരുകയും ജനങ്ങളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തിരിക്കുകയാണ്. നാല്പത് ലക്ഷത്തോളം ജനങ്ങൾ ഭീതിജനകമായ ഒരു സാഹചര്യത്തിലാണ് കഴിയുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന ഈ പ്രശ്നത്തിന്

പരിഹാരം കണ്ടെത്തുന്നതിന്. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 110 അടിയായി നിജപ്പെടുത്തണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): 111 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന്റെ ഇന്നത്തെ സ്ഥിതി ആശങ്കാജനകമാണ്. ഡാമിന്റെ ജലനിരപ്പ് ഉയർത്തുന്നതു സംബന്ധിച്ച് കേരളവും തമിഴ്നാടും തമ്മിൽ ചർച്ച ചെയ്തു പരിഹരിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രധാനമന്ത്രിയും കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിയും രണ്ട് സംസ്ഥാനങ്ങളിലെ ജലവിഭവ വകുപ്പുമന്ത്രിമാരുമായി വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തുകയുണ്ടായി. മുല്ലപ്പെരിയാറിന്റെ ജലനിരപ്പ് ഒരു കാരണവശാലും ഉയർത്താൻ കഴിയില്ലെന്ന നിലപാടിൽ കേരളം ഉറച്ചുനിൽക്കുകയാണ്. നിലവിലുള്ള ഡാമിന്റെ 1300 അടി താഴെയുള്ള സ്ഥലത്ത് പുതിയ ഡാം പണിയണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. . 136 അടിയിൽ നിന്നും ജലനിരപ്പ് 110 അടിയായി താഴ്ത്തുക എന്നത് സാങ്കേതിക ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. ഡിസാസ്റ്റർ മാനേജുമെന്റ് പ്ലാൻ അനുസരിച്ച് ആവശ്യമായ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**സബ്മിഷൻ**

(1) ഏനാത്ത്, കടമ്പനാട് പ്രദേശങ്ങളിലെ റോഡുകളുടെ ശോച്യാവസ്ഥ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അടൂർ നിയോജകമണ്ഡലത്തിലെ ഏനാത്ത് കടമ്പനാട് പ്രദേശങ്ങളിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള) : സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് ആരംഭിച്ച അടൂർ നിയോജകമണ്ഡലത്തിലെ ഏനാത്ത് റോഡിന്റെ പണി 92 ശതമാനം പൂർത്തിയാക്കി. എന്നാൽ ഏനാത്ത് ജംഗ്ഷനിൽ 400 മീറ്ററും കടമ്പനാട് ജംഗ്ഷനിൽ 300 മീറ്ററും സ്ഥലം വിട്ടുതരുന്നതിന് തർക്കമുണ്ടായതുമൂലം പണിയുടെ പുരോഗതി തടസ്സപ്പെട്ടു. എന്നാൽ പൊതുമരാമത്തുവകുപ്പും ജില്ലാ ഭരണകൂടവും കൂട്ടായി ശ്രമിച്ചതിന്റെ ഭാഗമായി പണിപൂർത്തിയാകാത്ത സ്ഥലത്ത് നിലവിലുള്ള വീതിയിൽ പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(2) ദേശീയപാത 47-ന്റെ വശങ്ങളുടെ സംരക്ഷണം

ശ്രീ. എം. ചന്ദ്രൻ : എൻ.എച്ച് 47-ൽ വാളയാർ മുതൽ വാണിയംപാറ വരെയുള്ള പ്രദേശത്തെ വർദ്ധിച്ചു വരുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. ഈ പ്രദേശത്ത് ടാർ റോഡിന്റെ രണ്ട് വശവും നികത്തി ടാർ റോഡിന് സമമായി ഉയർത്താൻ കഴയത്തക്ക വിധത്തിൽ ഒരു പദ്ധതിയുണ്ടാക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു കുരുവിള) : സംസ്ഥാനത്തെ ദേശീയപാത 47-ന്റെ ഇരുവശത്തും ചില സ്ഥലങ്ങളിൽ മണ്ണ് ഒഴുകിപ്പോയി കുഴിയായിട്ടുണ്ട്. എൻ.എച്ച 47-ന്റെ വാളയാർ മുതൽ എടപ്പള്ളി വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനും പ്രസ്തുത ഭാഗത്തെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) പൊൻമുഖം മലയിൽ നിന്ന് മണ്ണെടുക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. സി.പി. മുഹമ്മദ് : ഒറ്റപ്പാലം താലൂക്കിൽപ്പെട്ട വല്ലപ്പുഴ, നെല്ലായ, ചളവറ എന്നീ പഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന പൊൻമുഖം മലയിൽ വ്യാപകമായി നടക്കുന്ന യന്ത്രവൽക്കൃത കല്ലുവെട്ടും ജെ.സി.ബി ഉപയോഗിച്ചുകൊണ്ടുള്ള ഇടിച്ച് നിരത്തലും അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഒറ്റപ്പാലം താലൂക്കിൽ പട്ടാമ്പി നിയോജകമണ്ഡലത്തിലെ നെല്ലായ, ചളവറ പഞ്ചായത്തിൽപ്പെട്ട ചെങ്കൽഖനനം നടത്തുന്ന പൊൻമുഖം മലയിൽ സ്റ്റോപ്പ് മെമ്മോ നൽകിയതിന്റെ അടിസ്ഥാനത്തിൽ കല്ലുവെട്ടു ഖനനം നിർത്തിവച്ചിട്ടുണ്ട്. വിദഗ്ധരുടെ അനുവാദമില്ലാതെ പൊൻമുഖം മലയിൽ തുടർന്ന് കല്ല് ഖനനത്തിനുള്ള പെർമിറ്റ് നൽകരുതെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്..

(4) മാക്കുളംചുരം വീരാജ്പേട്ട റോഡ് പുനർ നിർമ്മാണം

ശ്രീ. കെ.പി. മോഹനൻ : മലബാർ മേഖലയിൽ തലശ്ശേരി, കൂത്തുപ്പറമ്പ്, ഇരുട്ടി പ്രദേശങ്ങളിലെ മലയാളികൾ കച്ചവട ആവശ്യത്തിനും ജോലി തേടിയും അയൽസംസ്ഥാനമായ കർണ്ണാടകയിലേയ്ക്ക് യാത്ര ചെയ്യുന്ന കൂട്ടുപുഴ വഴിയുള്ള റോഡിന്റെ ദു:സ്ഥിതി പരിഹരിച്ച് ഈ റോഡുവഴിയുള്ള വാഹന ഗതാഗതം സുഗമമാക്കാനും കൂട്ടുപുഴ പാലം പുതുക്കി പണിയാനുമുള്ള നടപടികൾ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള) : ഈരാറ്റുപേട്ട മാങ്കുളം ചുരംറോഡ് പൂർണ്ണമായും കർണ്ണാടക ഗവൺമെന്റിന്റെ

അധീനതയിലുള്ളതാണ്. അതുകൊണ്ട് ഈ പ്രശ്നം കർണ്ണാടക ഗവൺമെന്റുമായി ആലോചിച്ച് നടപടിയെടുക്കാൻ അഭ്യർത്ഥിക്കുന്നതാണ്.

(5) ജോസഫിന്റെ ദുരൂഹ മരണം

ശ്രീ. ബി.ഡി. ദേവസ്സി: ചാലക്കുടി നിയോജകമണ്ഡലത്തിൽപ്പെട്ട വാലൻ ജോസഫിന്റെ കൊലപാതകത്തെ സംബന്ധിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തി പ്രതികളെ കണ്ടുപിടിക്കാൻ നടപടി സ്വീകരിക്കണം

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : തൃശ്ശൂർ ചാലക്കുടി തച്ചുടപ്പറമ്പ് വാലപ്പൻ വീട്ടിൽ ജോസഫ് സെന്റ് ആന്റണീസ് കോൺവെന്റിന്റെ തെക്ക് വശത്തെ പാലത്തിനടിയിൽ വെള്ളത്തിൽ മരിച്ചു കിടക്കുന്നതായാണ് കാണപ്പെട്ടത്. ഇതുസംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിരുന്നു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ കയറോ തുണിയോ കൊണ്ട് കഴുത്ത് മുറുക്കിയോ, വായും മൂക്കും പൊത്തിപ്പിടിക്കുകയോ ചെയ്തതിന്റെ ഫലമായിട്ടാണ് മരണം നടന്നത് എന്നാണ് പറയുന്നത്. ഈ കേസിന്റെ അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടുണ്ട്.

(6) സ്കൂൾ സമയം മാറ്റം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സ്കൂൾ പാഠ്യ പദ്ധതി പരിഷ്ക്കരണത്തിന്റെ ഭാഗമായി കേരളത്തിലെ സ്കൂളുകളുടെ പ്രവൃത്തി സമയം രാവിലെ 8.30 മുതൽ 1.30-വരെ ആക്കണമെന്ന് പരിഷ്ക്കരണ സമിതി ശുപാർശ ചെയ്തതായി അറിയുന്നു. മദ്രസ്സ പഠനത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന സ്കൂളുകളിലെ ഈ സമയമാറ്റ നടപടി ഉപേക്ഷിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : സ്കൂൾ സമയം മാറ്റുന്നതിനെക്കുറിച്ചുള്ള ചില ചർച്ചകൾ കേരള കരിക്കുലം രൂപരേഖ ചർച്ച ചെയ്യുന്നതിന്റെ ഭാഗമായി ചർച്ചയ്ക്ക് വന്നിട്ടുണ്ട്. ദേശിയ പാഠ്യപദ്ധതി രൂപരേഖ ചർച്ച ചെയ്തപ്പോൾ പഠന സമയം ക്രമീകരിക്കുന്നതിനെക്കുറിച്ച് പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ ഭാഗമായി ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്ന് എൻ.സി.ഇ.ആർ.ടി നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിനുവേണ്ടിയുള്ള ചർച്ച നടന്നത്. മതപഠനം നടത്താനുള്ള അവകാശം സംരക്ഷിക്കപ്പെടണം. അതിനോടൊപ്പം പ്രാധാന്യം കൊടുക്കേണ്ടത് പൊതുവിദ്യാഭ്യാസത്തിനാണ്. ഇക്കാര്യത്തിൽ ഒരു തീരുമാനവും ഗവൺമെന്റ് കൈക്കൊണ്ടിട്ടില്ല.

(7) പട്ടയം

ശ്രീ. ബാബു. എം. പാലിശ്ശേരി: കുന്നംകുളം നിയോജകമണ്ഡലത്തിലെ അടിപ്പട്ടിക്കുന്ന് ചേരി പ്രദേശത്ത് 50 വർഷമായി താമസിച്ചുവരുന്ന റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്, വീട്ടുനമ്പർ എന്നിവയുള്ള 70-ഓളം കുടുംബങ്ങൾ പട്ടയത്തിന് അപേക്ഷിച്ചിട്ട് ഈ സ്ഥലം ശ്മശാന ഭൂമിയാണ് എന്ന കാരണത്താൽ അപേക്ഷകൾ നിരസിച്ചിരിക്കുന്നു. ദരിദ്രരിൽ ദരിദ്ര രായ ഇവർക്ക് പട്ടയം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : കുന്നംകുളം നിയോജകമണ്ഡലത്തിലെ തലപ്പിള്ളി താലൂക്കിൽ ശ്മശാന പുറമ്പോക്കിൽ 62 കൈവശക്കാരുണ്ട്. പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്ന ഈ ഭൂമിയിൽ പട്ടയം നൽകുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ട്. നിയമസഭ

യുടെ പെറ്റീഷൻസ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ പരിഗണിച്ച് അർഹരായവർക്ക് പട്ടയം നൽകുമ്പോൾ ഇക്കാര്യത്തിലും പരിഹാരമുണ്ടാക്കുന്നതാണ്.

(8) സന്തോഷിന്റെ കുടുംബത്തിന് ധനസഹായം

ശ്രീ. ആനത്തലവട്ടം ആനന്ദൻ: നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ 19 വയസ്സുള്ള സന്തോഷ് എന്ന യുവാവ് ടിക്കറ്റില്ലാതെ ട്രെയിനിൽ യാത്രചെയ്യവേ ടി.ടി.ഇ.മാരുമായുണ്ടായ വാക്കേറ്റത്തെത്തുടർന്ന് ട്രെയിനിൽനിന്ന് വീണ് മരിക്കാനിടയായി. സ്ക്വാഡിന്റെ ക്രൂരമായ പീഡനത്തെത്തുടർന്നാണ് മരണപ്പെട്ടതെന്ന് സാഹചര്യത്തെളിവുകളുള്ളതിനാൽ ഇവർക്കെതിരെ കൊലക്കുറ്റത്തിന് കേസ്സെടുക്കണം. റയിൽവേയുടെ ധനസഹായമായ 15,000 രൂപയ്ക്കുപുറമേ സംസ്ഥാന സർക്കാരിന്റെ ധനസഹായം കൂടി മരണമടഞ്ഞ സന്തോഷിന്റെ ആശ്രിതർക്ക് നൽകണം.

(9) ടി.ടി.ഇ.മാരുടെ മോശമായ പെരുമാറ്റം

ശ്രീ. കെ. സി. വേണുഗോപാൽ: സ്ത്രീകൾ ഉൾപ്പെടെയുള്ള ട്രെയിൻ യാത്രക്കാർക്ക് മതിയായ ടിക്കറ്റ് കൗണ്ടറിന്റെ അപര്യാപ്തതയും ടി.ടി.ഇ. മാരുടെ മോശമായ പെരുമാറ്റവും കാരണം വളരെയധികം ദുരിതം അനുഭവിക്കേണ്ടിവരുന്നു. കേരളത്തിൽ ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവരുടെ എണ്ണംകൂടിക്കൊണ്ടിരിക്കുകയാണ് എന്ന റെയിൽവേ അധികൃതരുടെ കുറ്റപ്പെടുത്തൽ ശരിയല്ല. റെയിൽവേ യാത്രക്കാരുടെ ദുരിതങ്ങൾക്ക് പരിഹാരമുണ്ടാകണം.

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ശ്രീ. ആനത്തലവട്ടം

ആനന്ദനും ശ്രീ.കെ.സി. വേണുഗോപാലും നൽകിയ നോട്ടീസുകൾക്ക് റെയിൽവേ അധികൃതരിൽനിന്നും പ്രത്യേകം പ്രത്യേകം മറുപടി ലഭിച്ചെങ്കിലും അത് തൃപ്തികരമല്ല. ടിക്കറ്റില്ലാതെ യാത്രചെയ്താൽ നഷ്ടപരിഹാരത്തിന് അർഹതയില്ലെന്നും ടി.ടി.ഇ.മാർ അവരുടെ ഡ്യൂട്ടി ചെയ്തതാണെന്നുമാണ് റെയിൽവേയുടെ അഭിപ്രായം. എക്സ്ഗ്രേഷ്യ ആയിട്ടാണ് 15,000 രൂപ അവർ അനുവദിച്ചിട്ടുള്ളത്. ഇത് ഒരു പൊതു പ്രശ്നമായതിനാൽ റെയിൽവേ അധികൃതർക്ക് ഇതിൽനിന്നും ഒഴിഞ്ഞുമാറാൻ സാധിക്കില്ല. ഇതു സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നുണ്ട്. കൂടാതെ, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സതേൺ റെയിൽവേയുടെ കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ കേരളത്തിൽ നിന്നുള്ള പ്രാതിനിധ്യം കുറഞ്ഞുപോയതിൽ സഭയുടെ പ്രതിഷേധം അറിയിക്കുന്നതോടൊപ്പം പ്രതിനിധികളുടെ എണ്ണം കൂട്ടുന്നകാര്യവും ആവശ്യപ്പെടുന്നതാണ്. മരണമടഞ്ഞ സന്തോഷിന്റെ ആശ്രിതർക്ക് റെയിൽവേ നൽകിയ നഷ്ടപരിഹാരത്തിനു പുറമേ 50,000 രൂപ കൂടി അനുവദിക്കുന്നതിന് ഇന്നലെ കൂടിയ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്.

### (10) എന്റെ മരം പ്രസിദ്ധീകരണം

ശ്രീ. ടി.എൻ. പ്രതാപൻ: 'എന്റെ മരം' എന്ന പുസ്തകത്തിൽ ദേശീയപതാകയുടെ നിറത്തിലും മഹാത്മാഗാന്ധിയുടെ ചിത്രത്തിലും വന്നിട്ടുള്ള അപാകത പരിഹരിക്കുകയോ പുസ്തകം പിൻവലിക്കുകയോ ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): 'എന്റെ മരം' പുസ്തകത്തിൽ കാര്യമായ വീഴ്ച വന്നത്

അംഗീകരിക്കുന്നു. വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും സഹകരിച്ച് നടത്തുന്ന ഒരു പരിപാടിയാണിത്. ഒരു വൃക്ഷത്തൈ വീട്ടുവളപ്പിലോ പൊതുസ്ഥലത്തോ നട്ട് ഒരു വർഷം ആ മരം പരിപാലിക്കുമ്പോൾ കുട്ടിയ്ക്കുണ്ടാകുന്ന അനുഭവങ്ങൾ രേഖപ്പെടുത്തുന്നതിന് നൽകിയ ഡയറിയിൽ ചിത്രീകരിച്ചിട്ടുള്ള ദേശീയ പതാകയിൽ നിറങ്ങൾ കൂടുതൽ വന്നത് പ്രിന്റിംഗിൽ വന്ന പിശകാണ്. അതിന് ബദൽ ക്രമീകരണമുണ്ടാക്കുന്നതാണ്. പല വിവരങ്ങളുമടങ്ങിയ ആ ഡയറിയിൽ ചർക്ക നൂൽക്കുന്ന ഗാന്ധിയുടെയും ബാലനായ ഗാന്ധിയുടെയും രണ്ട് ചിത്രങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അധികം പ്രചാരത്തിലില്ലാത്ത പുഞ്ചിരിക്കുന്ന ബാലനായ ഗാന്ധിയുടെ ചിത്രം ഉൾപ്പെടുത്തിയതിനെ അഭിനന്ദിക്കുന്നതിനു പകരം കുറ്റപ്പെടുത്താൻ ശ്രമിക്കുന്ന സമീപനം ശരിയല്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സാധാരണ ഗതിയിൽ ദേശീയ പതാക വലത്തോട്ടാണ് പറക്കുന്നത് എന്റെ മരം പുസ്തകത്തിൽ ഇത് ഇടത്തോട്ട് പറക്കുന്നതായിട്ടാണ് കാണിച്ചിരിക്കുന്നത്. ഈ അപാകത കൂടി പരിശോധനയ്ക്ക് വിധേയമാക്കണം.

## റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിച്ചു.
2. അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിച്ചു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## ധനകാര്യം

### 2007-08 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം
(103,47,37,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XII - പോലീസ്
(591,82,05,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIII- ജയിലുകൾ
(24,11,17,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLII- വിനോദ സഞ്ചാരം
(68,39,37,000 രൂപ)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ച് നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയേയും പോലീസ് എന്ന XII-ാംനമ്പർ ധനാഭ്യർത്ഥനയേയും ജയിലുകൾ എന്നXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ കെ.സി. വേണുഗോപാൽ, തേറമ്പിൽ രാമകൃഷ്ണൻ, ടി.എൻ. പ്രതാപൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. സുധാകരൻ, എൻ. ശക്തൻ, എം.എ. വാഹിദ്, എ.പി. അനിൽകുമാർ, കെ. ബാബു, കെ. ശിവദാസൻ നായർ, സി.ടി. അഹമ്മദ് അലി, കെ. കുട്ടി അഹമ്മദ് കുട്ടി, യു.സി. രാമൻ, അബ്ദുറഹിമാൻ രണ്ടത്താണി, അടൂർ പ്രകാശ്, എം. ഉമ്മർ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. ബാബു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ഓർഡിനൻസ് ഉണ്ടായിരുന്നിട്ടും ഭരണത്തിലെത്തി ഒരു വർഷം കഴിഞ്ഞിട്ടാണ് ഗുണ്ടാനിയമം നടപ്പിലാക്കാൻ എൽ.ഡി.എഫ്. സർക്കാറിന് സാധിച്ചത്. ഏറ്റവും സുരക്ഷിതമായ സംസ്ഥാനം എന്ന പദവി കേരളത്തിന് നഷ്ടപ്പെട്ടത്. സംസ്ഥാനത്തെ ക്രമസമാധാനം പാടെ തകർന്നതുകൊണ്ടാണ്. . കിളിരൂർ, കവിയൂർ തുടങ്ങിയ നിരവധി കേസുകളുടെ അന്വേഷണം എങ്ങുമെത്തുന്നില്ല. മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർക്കു നേരെ വധഭീഷണി നിലനിൽക്കുമ്പോഴും ആഭ്യന്തരവകുപ്പിന് ഇക്കാര്യത്തിൽ നടപടികളെടുക്കാൻ സാധിക്കുന്നില്ലെന്നത് ലജ്ജാവഹമാണ്. കൊള്ളയും കൊലയും പെരുകുമ്പോഴും പോലീസ് നിഷ്ക്രിയത്വം പാലിക്കുകയാണ്. സിനിമാവ്യവസായത്തെ സംരക്ഷിക്കുന്നതോടൊപ്പം സി.ഡി. വാടകയ്ക്കു കൊടുത്ത് ജീവിക്കുന്നവർക്കുവേണ്ടിയുള്ള ഒരു നിയമവും കൊണ്ടുവരണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 13 മാസമായിട്ടും യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന കൺസർവേഷൻ ആന്റ് പ്രിസർവേഷൻ ഓഫ് ടൂറിസം ഡെസ്റ്റിനേഷൻ നിയമം നടപ്പിലാക്കാൻ സാധിച്ചില്ല.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എൽ.ഡി.എഫ്. സർക്കാരിന് നീണാൾ ഭരണത്തിലിരുന്ന് റെക്കോർഡ് സൃഷ്ടിക്കാൻ സാധിക്കുന്ന വിധത്തിലുള്ള നിഷേധാത്മക നിലപാടാണ് യു.ഡി.എഫ്. സ്വീകരിച്ചുപോരുന്നത് എന്നു കാണുമ്പോൾ സന്തോഷമുണ്ട്. 1957-ലെ കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ നേട്ടങ്ങളാണ് ഈ സർക്കാരിന്റെ ഭരണത്തിലുടനീളം തെളിഞ്ഞുകാണുന്നത്. പോലീസും ജനങ്ങളും തമ്മിലുള്ള നല്ലൊരു ബന്ധത്തിനു വഴിവയ്ക്കത്തക്ക അവബോധം അവരിൽ വളർത്തുന്നതിലൂടെ യു.ഡി.എഫ്. ഭരണകാലത്ത് നിലനിന്നിരുന്ന പോലീസ് നയത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ രീതിയിൽ മുന്നോട്ടു പോവുകയാണ് ആഭ്യന്തര വകുപ്പ്. ജനങ്ങളുടെ സമാധാന ജീവിതത്തിന് ഉറപ്പ് നൽകി അവരുടെ സംരക്ഷകരായി പോലീസ് സേനയെ മാറ്റിയെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാനും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ട് സംസ്ഥാനത്തെ പുരോഗതിയിലേയ്ക്ക് നയിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. പോലീസ് സേനയെ നവീകരിക്കാനുള്ള നടപടികൾ ആരംഭിച്ചത് മാത്രമല്ല വനിതാ പോലീസുകാരുടെ സേവനം ഉപയോഗിച്ചുകൊണ്ട് റിസപ്ഷൻ കൗണ്ടറുകൾ ആരംഭിക്കുകയും പൊതുജനങ്ങളിൽനിന്നുള്ള പരാതികൾക്ക് രസീത് കൊടുക്കുന്ന സമ്പ്രദായം ആവിഷ്ക്കരിക്കുകയും ചെയ്തു. ജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തിക്കൊണ്ട് പോലീസ് സേനയെ ജനകീയ പോലീസാക്കി മാറ്റി. റസിഡൻസ് അസോസിയേഷനുകളുടെ സഹായത്തോടെ തിരുവനന്തപുരത്ത് മൈത്രി

പദ്ധതി നടപ്പാക്കി. സ്വകാര്യ സുരക്ഷാ ജീവനക്കാരുമായി ഉണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിൽ കൊച്ചിയിൽ അയ്യായിരത്തോളം സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചതുവഴി ആ പ്രദേശത്തെ ഗുണ്ടാ വിളയാട്ടം നിയന്ത്രിക്കാൻ കഴിഞ്ഞു. ക്രമസമാധാന പാലനത്തിന്റെ കാര്യത്തിൽ പോലീസിനെ സഹായിക്കാൻ പോലീസ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമടങ്ങിയ കമ്മിറ്റി രൂപീകരിച്ചു. ഗുണ്ടാനിയമം നടപ്പാക്കിയതിലൂടെ ഗുണ്ടാ-മാഫിയകളുടെ പ്രവർത്തനം നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഹൈടെക്ക് ക്രൈം, എൻക്വയറി സെൽ, തീവണ്ടിയാത്രയിലെ കുറ്റകൃത്യങ്ങൾ തടയാൻ റെയിൽ അലെർട്ട്, പോളിഗ്രാഫ് തുടങ്ങിയ സംവിധാനങ്ങൾ ആവിഷ്ക്കരിക്കുകയും സിനിമാ വ്യവസായത്തെ സംരക്ഷിക്കാൻ വ്യാജ സി.ഡി.റെയിഡ് വ്യാപകമാക്കുകയും ചെയ്തു. പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചത് ഈ ഗവൺമെന്റാണ്. പോലീസ് അക്കാദമിയിൽ നിരവധി പേർക്ക് പരിശീലനം നൽകി, നിശ്ചിത സർവ്വീസ് പൂർത്തിയാക്കിയ പോലീസുകാർക്ക് ഗ്രേഡ് പ്രൊമോഷൻ അനുവദിച്ചു. സംസ്ഥാനത്തെ 17 പോലീസ് സ്റ്റേഷനുകളിൽ പോലീസുകാരുടെ ഡ്യൂട്ടി സമയം എട്ട് മണിക്കൂറാക്കി നിജപ്പെടുത്തി. കാസർകോഡ്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ വിജിലൻസിന്റെ സ്പെഷ്യൽ ബ്രാഞ്ച് ഓഫീസുകൾ സ്ഥാപിച്ചു. ജയിൽ പരിഷ്ക്കരണ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം തടവുകാർ ചെയ്യുന്ന ജോലിക്കനുസൃതമായി അവർക്ക് നൽകുന്ന ശമ്പളം പുതുക്കി നിശ്ചയിക്കണം. സാർവ്വദേശീയമായി വികസിക്കുന്ന ഒരു മേഖലയാണ്

ടൂറിസം. ഈ ഗവൺമെന്റ് നടപ്പാക്കുന്ന ടൂറിസം വികസന പദ്ധതികളിലൂടെ മലബാർ മേഖല ലോകത്തെ എണ്ണപ്പെടാവുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായി മാറിക്കൊണ്ടിരിക്കുകയാണ്. ചരിത്രപ്രസിദ്ധമായ ബേക്കൽ കോട്ടയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ടൂറിസം വികസനപ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കണം. കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാട്-ധർമ്മടം ബീച്ചുകൾ, കോഴിക്കോട് ജില്ലയിലെ തുഷാരഗിരി, മലപ്പുറം ജില്ലയിലെ നിള, തിരുനാവായ, വയനാട്ടിലെ പൂക്കോട് തടാകം എന്നിവയുടെ വികസനത്തിന് പദ്ധതികൾ ആവിഷ്ക്കരിക്കുകയും അതിലേയ്ക്കായി കേന്ദ്ര ഗവൺമെന്റിൽനിന്നും ധനസഹായം ലഭ്യമാക്കുകയും ചെയ്യണം.

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ക്രമസമാധാനപാലന രംഗത്ത് ജനങ്ങൾക്ക് വളരെ ആത്മവിശ്വാസം നൽകുന്ന പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. സൗഹാർദ്ദപരമായ നിലയിലാണ് പോലീസുകാർ ഇപ്പോൾ ജനങ്ങളോട് പെരുമാറുന്നത്. ജനകീയ സമരങ്ങളെ വളരെ ക്രൂരമായി നേരിടുകയും പൊതുപ്രവർത്തകരെ നിരന്തരം കോടതി കയറ്റുകയും ചെയ്യുന്ന സ്ഥിതിക്ക് മാറ്റം വന്നിരിക്കുന്നു. ഗുണ്ടാ-മാഫിയാ സംഘങ്ങളെ അടിച്ചമർത്താൻ ഗുണ്ടാ നിയമം നടപ്പാക്കിയപ്പോൾ അതിനെ വിമർശിക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചത്. പോലീസ് സേനയെ നവീകരിക്കാൻ പല നടപടികളും ഇതിനോടകം സ്വീകരിച്ചുകഴിഞ്ഞു. ഇക്കാര്യത്തിൽ യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ക്രമസാധാനപാലനത്തെയും കുറ്റാന്വേഷണ വിഭാഗത്തെയും രണ്ടായി തരംതിരിച്ച സുപ്രധാന തീരുമാനമെടുക്കുകയും ഇവ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനരീതി നടപ്പിലാക്കിയതും

പോലീസ് സേനയുടെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട നാഴികക്കല്ലാണ്. സാമ്പത്തിക കുറ്റാന്വേഷണവുമായി ബന്ധപ്പെട്ട് പ്രത്യേക വിഭാഗം രൂപീകരിക്കണം. പോലീസ് സേനയിലെ കുഴപ്പക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. ക്യാമ്പ് ഫോളോവേഴ്സിന് ശമ്പള വർദ്ധന ബാധകമാക്കണം. ഉന്നത ഉദ്യോഗസ്ഥരുടെ വീട്ടിൽ അടിമപ്പണി ചെയ്യുന്ന ഈ വിഭാഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കണം. പോലീസുകാരുടെ അമിത ജോലിഭാരം കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പൊതുപ്രവർത്തകരെയും റസിഡൻസ് അസോസിയേഷനേയും വിശ്വാസത്തിലെടുത്തുകൊണ്ട് ജനങ്ങളുടെ സഹകരണത്തോടുകൂടി പോലീസ് സേനയെ ശക്തിപ്പെടുത്തിയതിലൂടെ ക്രമസമാധാനപാലനത്തിൽ ഗണ്യമായ പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞു. ഈ ഗവണ്മെന്റ് ഗുണ്ടാ നിയമം ഫലപ്രദമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. സുവോ മോട്ടൊ കേസെടുക്കുന്നതിനുള്ള വ്യവസ്ഥ കൂടി ഈ നിയമത്തിന്റെ പരിധി യിൽപ്പെടുത്തണം. ടൂറിസം മേഖലയിൽ കോടിക്കണക്കിന് രൂപയുടെ വരുമാനം വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചുവെന്നത് ശ്ലാഘനീയമാണ്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കവർച്ച, മോഷണം, ഹവാല, മയക്കുമരുന്ന് കടത്ത്, സ്ത്രീപീഡനം തുടങ്ങിയവയാൽ കേരളത്തിലെ ക്രമസമാധാനനില തകർന്നിരിക്കുന്നു. തീര പ്രദേശങ്ങളിൽ ജലപാതകൾ വഴി മാഫിയാപ്രവർത്തനങ്ങൾ നടക്കുന്ന തായി കേന്ദ്ര ഇന്റലിജൻസ് വിഭാഗം ചൂണ്ടിക്കാണിക്കുന്നു. യുവാക്കൾ മയക്കുമരുന്നിന് അടിമകളായി മാറുന്നതിലൂടെ അവരുടെ സർഗ്ഗശക്തി നഷ്ട പ്പെട്ടുകൊണ്ടിരിക്കുന്നു. മയക്കുമരുന്ന്, മറ്റ് ലഹരിപദാർത്ഥങ്ങൾ എന്നിവ

വിൽക്കുന്നവരെ കണ്ടുപിടിച്ച് നടപടി സ്വീകരിക്കണം. മദ്യ മാഫിയയുടെ പ്രവർത്തനം, യന്ത്രവൽക്കൃത ബോട്ടുകളിൽ സ്പിരിറ്റ് കടത്തൽ, കള്ളനോട്ട് പ്രചരണം എന്നിവ സംസ്ഥാനത്ത് വ്യാപകമാണ്. മണൽമാഫിയ ഇവിടെ അഴിഞ്ഞാടുന്നു. തകർന്നുകൊണ്ടിരിക്കുന്ന കേരളത്തെ സംരക്ഷിക്കുന്ന തിന് ശക്തമായ ഇടപെടലുണ്ടാകണം. രാഷ്ട്രീയ ഇടപെടലുകളൊഴിവാക്കി പോലീസിന് നിക്ഷ്പക്ഷമായി പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാക്കണം. പോലീസിലുള്ള ക്രിമിനൽ സ്വഭാവമുള്ളവരെ കണ്ടുപിടിച്ച് അവർക്കെതിരെ നടപടി സ്വീകരിക്കണം. ജയിൽ വാർഡൻമാരെയും പോലീസുദ്യോഗസ്ഥരേയും തടവുകാർ മർദ്ദിക്കുന്നതിനെതിരെ കക്ഷി രാഷ്ട്രീയത്തിനതീതമായ ഇടപെടലുണ്ടാകണം. പോലീസ് നിഷ്പക്ഷവും നീതിപൂർവ്വവുമായ നടപടി സ്വീകരിച്ച് ജനങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തണം.

<u>ശ്രീ. ജോസ് തെറ്റയിൽ</u> : ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. കീഴ്കോടതികളിലെ അപര്യാപ്തതകൾ മനസ്സിലാക്കി അവ പരിഹരിക്കാനുള്ള ഗവണ്മെന്റിന്റെ ശ്രമങ്ങളെ സ്വാഗതം ചെയ്യുന്നു. ആവശ്യമായ സ്ഥലങ്ങളിൽ കോടതികൾ സ്ഥാപിക്കുന്നതിനുള്ള നീക്കം സ്വാഗതാർഹമാണ്. അധികചെലവില്ലാത്ത വിധത്തിൽ ആളുകൾക്ക് പ്രയോജനകരമായ രീതിയിൽ പുതിയ കോടതികൾ സ്ഥാപിക്കണം. കഴിഞ്ഞ ഒരു വർഷക്കാലത്തെ പോലീസ് ഭരണം സംശുദ്ധമായിരുന്നു. പോലീസിനെ സംബന്ധിച്ച പരാതി കേൾക്കുന്നതിന് അതോറിറ്റി രൂപീകരി ക്കാനുള്ള ശ്രമം ശ്ലാഘനീയമാണ്. ടൂറിസം രംഗത്ത് സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എന്നും വിമർശനാത്മക സാഹചര്യമുള്ള പോലീസ് വകുപ്പിനെ കാര്യക്ഷമമാക്കാനും ഗുണ്ടാനിയമം ഭേദഗതി ചെയ്ത് നടപ്പാക്കാനും ടൂറിസം രംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവരാനും ഈ സർക്കാരിന് സാധിച്ചു. ടൂറിസം ഡെസ്റ്റിനേഷൻ മാനേജുമെന്റ് കമ്മിറ്റിക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. വിശ്വൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിലൂടെ കേരളീയരുടെ മനസ്സിൽ സുരക്ഷിതത്വബോധം നിലനിർത്താനും ജനങ്ങളുമായി പോലീസിന് നല്ല ബന്ധമുണ്ടാക്കാനും സാധിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം കുറഞ്ഞിരിക്കുകയാണ്. ഇൻഡ്യയിൽ കുട്ടികൾക്കെതിരെയുള്ള അതിക്രമം ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. ബാലരാമപുരത്തും തിരൂരും വർഗ്ഗീയകലാപം ഒഴിവാക്കാനും കോഴിക്കോട് മിഠായി തെരുവിലെ തീപിടിത്തത്തിൽ ജനങ്ങളെ സഹായിക്കാനും പോലീസ് സേനയുടെ കാര്യക്ഷമമായ ഇടപെടൽമൂലം സാധിച്ചു. പോലീസ് സേനയെ ജനങ്ങളുടെ സേനയാക്കി മാറ്റാനുള്ള നടപടിയും ജയിലുകളിൽ വരുത്തിയ പരിഷ്ക്കാരവും തുറന്ന ജയിലുകൾ പ്രാവർത്തികമാക്കിയതും 45 ലക്ഷം രൂപ വിനിയോഗിച്ച് പത്ത് ജയിലുകളിൽ മഴവെള്ള സംഭരണി നിർമ്മിക്കാനുള്ള തീരുമാനവും മലബാർ മേഖലയെ ടൂറിസ്റ്റുകളുടെ കേന്ദ്രമാക്കി മാറ്റാനുള്ള നടപടിയും സ്വാഗതാർഹമാണ്. ഫയർഫോഴ്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും ടൂറിസം മേഖലയെ ഉന്നത സ്ഥാനത്ത് എത്തിക്കാനും പരിസ്ഥിതി വിഭവങ്ങൾ സമാഹരിച്ച് കേരളത്തെ മികച്ച ടൂറിസ്റ്റ് കേന്ദ്രമാക്കി

മാറ്റാനും ഗവൺമെന്റിന് സാധിച്ചു. വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതോടൊപ്പം ടൂറിസം രംഗത്ത് വരുമാനം വർദ്ധിപ്പിക്കാനും നിരവധി പേർക്ക് തൊഴിൽ നൽകാനുള്ള നടപടികൾ സ്വീകരിക്കാനും സാധിച്ചു. കേരളം ഒരു മെഡിക്കൽ ടൂറിസം കേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ.എ. അസീസ് : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് കുറ്റാന്വേഷണം ശാസ്ത്രീയമാക്കിക്കൊണ്ടും കമ്മ്യൂണിറ്റി പോലീസ് സംവിധാനം നടപ്പാക്കിക്കൊണ്ടും പോലീസുകാർക്ക് അർഹിക്കുന്ന സേവന-വേതന വ്യവസ്ഥകളും പ്രൊമോഷനും നടപ്പാക്കിക്കൊണ്ടും പോലീസ് വകുപ്പിനെ കാര്യക്ഷമമാക്കിക്കൊണ്ടിരിക്കുകയാണ്. പോലീസ് സേനയിലെ അഴിമതി പരിപൂർണ്ണമായി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഇപ്പോൾ ക്രമസമാധാനനില കേരളത്തിൽ ഭദ്രമാണ്. വളരെ മാതൃകാപരമായ പ്രവർത്തനമാണ് ടൂറിസം വകുപ്പ് കാഴ്ചവച്ചിട്ടുള്ളത്. മികച്ച ടൂറിസം സംസ്ഥാനത്തിനുള്ള ദേശീയ അവാർഡ് കേരളത്തിന് ലഭിച്ചത് അഭിനന്ദനാർഹമായ കാര്യമാണ്. ഇരവിപുരം നിയോജകമണ്ഡലത്തിൽ പോലീസ് സ്റ്റേഷൻ അനുവദിക്കണം.

ശ്രീ. തോമസ് ചാണ്ടി : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പോലീസ് സേനയിൽ ശുദ്ധീകരണം ആവശ്യമാണ്. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ആവശ്യത്തിന് ഫർണിച്ചർ ലഭ്യമാക്കുന്നതിനും ജീപ്പുകളുടെ മെയിന്റനൻസ് നടത്തുന്നതിനും നടപടി സ്വീകരിക്കണം. അനന്തമായ സാധ്യതയുള്ള മേഖലയാണ് ടൂറിസം. മെഡിക്കൽ ടൂറിസം വളരണമെങ്കിൽ അത്യന്താധുനിക ഉപകരണങ്ങളുള്ള നല്ല സ്വകാര്യ ആശുപത്രികൾ ഉണ്ടാകണം. അനധികൃത കയ്യേറ്റങ്ങൾ പിടിച്ചെടുക്കുമ്പോൾ ആ ഭൂമി

യിലുള്ള കെട്ടിടങ്ങളും മരങ്ങളും നശിപ്പിക്കാതെ സംരക്ഷിക്കുകയും കെട്ടിടങ്ങൾ ടൂറിസം വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇപ്പോൾ മൂന്നാറിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവ വികാസങ്ങൾ മൂന്നാർ ടൂറിസത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷമേ കയ്യേറ്റ ഭൂമിയിലെ കെട്ടിടങ്ങൾ ഇടിക്കാൻ പാടുള്ളൂ.

ശ്രീ. എം. ചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ പോലീസ് സേനയിൽ നല്ലൊരു അന്തരീക്ഷം സൃഷ്ടിച്ചെടുക്കാനും പോലീസ് സേന ജനങ്ങളുടെ സുഹൃത്താണെന്ന് വരുത്തിത്തീർക്കാനും ഒരു കൊല്ലംകൊണ്ട് ആഭ്യന്തര വകുപ്പിന് കഴിഞ്ഞു. ഇപ്പോൾ പോലീസ് രംഗത്ത് അഴിമതി ഇല്ലാതായിട്ടുണ്ട്. ഈ ഗവൺമെന്റ് ഗുണ്ടാ ഓർഡിനൻസ് കൊണ്ടുവരികയും കേരളത്തിലെ 25-ഓളം പ്രമുഖ ഗുണ്ടകളെ ജയിലിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയ എതിരാളികളെ വക വരുത്തുന്നതിന് ഗുണ്ടകൾക്ക് സംരക്ഷണം നൽകുന്ന സമീപനമായിരുന്നു മുൻ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. ആലത്തൂർ നിയോജകമണ്ഡലത്തിലെ നൂറ്റാണ്ടുകൾ പഴക്കമുള്ള മുൻസിഫ് കോടതി സബ് കോടതിയായി ഉയർത്തണം. മംഗലം ഡാം പ്രദേശം ഉൾപ്പെടുത്തി ടൂറിസം പദ്ധതി നടപ്പിലാക്കണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒരു വർഷംകൊണ്ട് പോലീസ് സേനയ്ക്ക് ജനകീയമുഖം നൽകുന്നതിനും സാമൂഹ്യ പ്രതിബദ്ധതയുള്ള വിഭാഗമാക്കി പോലീസിനെ ഉപയോഗപ്പെടുത്താനും കഴിഞ്ഞത് അഭിനന്ദനീയമായ കാര്യമാണ്. ‘Best Practices in

Police' എന്ന ഹ്രസ്വചിത്രത്തിലൂടെ പോലീസിനെ ത്യാഗസന്നദ്ധരും കർത്തവ്യനിർവ്വാഹകരുമാക്കിമാറ്റാൻ കഴിയുമെന്നാണ് കാണിച്ചിരിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ രാഷ്ട്രീയ കൊലപാതകങ്ങളും വർഗ്ഗീയ സംഘട്ടനങ്ങളും കുറഞ്ഞിട്ടുണ്ട്. മുത്തങ്ങയും മാറാടും ആവർത്തിക്കാതിരിക്കാൻ കഴിഞ്ഞു. പോലീസിന്റെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കണം. 8 മണിക്കൂർ ജോലിസമയമെന്നുള്ളത് എല്ലാ സ്റ്റേഷനുകളിലും പ്രാവർത്തികമാക്കണം. അവർക്ക് മാനസികമായും ശാരീരികമായും ഫലപ്രദമായി പ്രവർത്തിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ആവശ്യമാണ്. കണ്ണൂരിലെ ഫോറൻസിക് ലബോറട്ടറി ഫലപ്രദമായി പ്രവർത്തിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കണം. വിദേശീയരും സ്വദേശീയരുമായ ടൂറിസ്റ്റുകൾക്ക് കേരളത്തിന്റെ പരമ്പരാഗത ആചാരാനുഷ്ഠാനങ്ങളും കേരളത്തനിമയും ആസ്വദിക്കാനുള്ള സൗകര്യമുണ്ടാക്കണം. ചീമേനിയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കണം. മുഴുപ്പിലങ്ങാട്-ധർമ്മടം ബീച്ച് ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. വി.എൻ. വാസവൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ടൂറിസം രംഗത്ത് 2006-ൽ വിദേശികളുടെ എണ്ണത്തിൽ 23.68 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. ടൂറിസ്റ്റുകളുടെ സ്വത്തിനും ജീവനും സുരക്ഷ ഉറപ്പാക്കണം. ദേശീയ അന്തർദേശീയതലത്തിൽ കേരള ടൂറിസം കൈവരിച്ച നേട്ടങ്ങളെ അഭിനന്ദിക്കാൻ പ്രതിപക്ഷം തയ്യാറാകണം. സൈബർ ക്രൈം കുറ്റാന്വേഷണ രംഗത്ത് പോലീസിന് അഭിനന്ദനാർഹമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. അടുത്ത കാലങ്ങളിൽ നടന്ന കള്ളക്കടത്തും കൊലപാതകങ്ങളും പിടിച്ചുപറികളും നിഷ്പ്രയാസം തെളിയിക്കാൻ

പോലീസിനു കഴിഞ്ഞിട്ടുണ്ട്. പോലീസും ജനങ്ങളും തമ്മിലുള്ള സൗഹൃദം ദൃഢതരമായിട്ടുണ്ട്. സൂര്യനെല്ലിക്കേസ് അടക്കം നിരവധി കേസുകളിലെ പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ പോലീസിനു കഴിഞ്ഞിട്ടുണ്ട്. പോളിയോഗ്രാഫ് ടെസ്റ്റ് നടത്തിയും ഡി.എൻ.എ. ടെസ്റ്റ് നടത്തിയും കുറ്റവാളികളെ കണ്ടുപിടിക്കാനും കുറ്റകൃത്യം തെളിയിക്കാനും സംവിധാനമുണ്ടാക്കി. മൊബൈൽ ഫോൺ ഉപയോഗിച്ച് പെൺകുട്ടികളുടെ അശ്ലീല ചിത്രങ്ങളെടുക്കുന്ന വൻ മാഫിയാ സംഘങ്ങളെയും അധോലോകസംഘങ്ങളെയും അമർച്ച ചെയ്യാൻ കേരളാ പോലീസിനു കഴിഞ്ഞിട്ടുണ്ട്. റെസ്പോൺസിബിൾ ടൂറിസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റെസ്പോൺസിബിൾ ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിച്ച കുമരകത്തെ .പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഫണ്ട് നീക്കിവയ്ക്കണം. പോലീസിന് ഈ മേഖലയിൽ കുറ്റാന്വേഷണം നടത്തുന്നതിനു ബോട്ട് സൗകര്യം ലഭ്യമാക്കണം.. കെ.കെ. റോഡിൽ ഹൈവെ പട്രോളിംഗ് ഏർപ്പെടുത്തണം.

<u>ശ്രീ. വർക്കല കഹാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പോലീസ് ഡിപ്പാർട്ടുമെന്റിൽ 10 ശതമാനത്തോളം പോലീസുകാരും കൈക്കൂലി വാങ്ങുന്നവരാണ്. വിദ്യാഭ്യാസ വകുപ്പ് ഒറ്റയാൻ കയറിയ കരിമ്പിൻ തോപ്പ് പോലെയായി. കഴിഞ്ഞ ഒരു വർഷക്കാലത്തിനുള്ളിൽ നിരവധി പെൺവാണിഭ റെയ്ഡുകളും സ്പിരിറ്റ് വേട്ടകളും നടന്നെങ്കിലും യഥാർത്ഥ കുറ്റവാളികളെ അറസ്റ്റു ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല. മന്ത്രിമാർ പോലും പോലീസ് ഉദ്യോഗസ്ഥരെ കുറ്റപ്പെടുത്തുന്ന സ്ഥിതിയാണുള്ളത്. മോഷണവും ഗുണ്ടാവിളയാട്ടവും കേരളത്തിൽ

വർദ്ധിച്ചിരിക്കുകയാണ്. കസ്റ്റഡിമരണങ്ങൾ വ്യാപകമായി ക്കൊണ്ടിരിക്കുകയാണ്.. ജനകീയ പ്രശ്നങ്ങൾക്കുനേരെ മുഖം തിരിക്കുന്ന ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്.

ശ്രീ. സി.കെ. പി. പത്മനാഭൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാർഷിക -വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചു. കാര്യശേഷിയുള്ള പോലീസുകാരെ വാർത്തെടുക്കാനും പോലീസുകാരുടെ ആത്മഹത്യകൾക്ക് അറുതി വരുത്താനും സാധിച്ചു. കേരളത്തിൽ ടാഡ,. എസ്മ, മിസ തുടങ്ങിയ നിയമങ്ങൾ കൊണ്ടുവന്നു. ജയിലിൽ കിടക്കുന്നവർക്ക് ശിക്ഷയിൽ ഇളവു നൽകാൻ ശുപാർശ ചെയ്തു. തടവുകാരെ തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുകയും. അവരുടെ വേതനം വർദ്ധിപ്പിക്കുകയും ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വികസന രംഗത്ത് വളരെയധികം മാറ്റങ്ങളുണ്ടായിട്ടുണ്ട്. വനഭൂമി കയ്യേറ്റങ്ങൾക്ക് തുടക്കം കുറിച്ചത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. എന്നാൽ ഈ ഗവൺമെന്റ് അവ തിരിച്ചു പിടിക്കുന്നതിന് ശക്തമായ നടപടി സ്വീകരിച്ചു. തൊഴിലുറപ്പ് പദ്ധതി ഇൻഡ്യയിൽ ആദ്യമായി നടപ്പിലാക്കിയത് കേരളത്തിലാണ്. സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ടതിലൂടെ ഈ സംസ്ഥാനത്ത് മൂന്ന് ലക്ഷം പേർക്ക് തൊഴിൽ കിട്ടുമെന്ന് ഉറപ്പായിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ ഐ.ടി രംഗത്ത് വളരെയേറെ മുന്നോട്ടു പോകാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. യു.സി. രാമൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ ജനങ്ങൾക്ക് പോലീസിൽ നിന്നും നീതിയും സംരക്ഷണവും കിട്ടുന്നില്ല.

ജനങ്ങളുടെ സ്വൈര ജീവിതം തകർന്നുവെന്നു മാത്രമല്ല പോലീസ് വേണ്ടത്ര സംരക്ഷണം നൽകുന്നില്ലായെന്ന് മന്ത്രിമാർ പോലും പരാതി പറഞ്ഞിരിക്കുകയാണ്. കുറ്റകൃത്യങ്ങൾ നടത്തുന്ന പ്രതികളെ പിടിക്കാൻ പോലീസിന് സാധിക്കുന്നില്ല. മോഷണം വ്യാപകമായി നടക്കുന്നുവെന്ന് മാത്രമല്ല അത് തടയുന്നതിന് പോലീസ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. രാഷ്ട്രീയ പ്രവർത്തകരെ ഗുണ്ടാ ലിസ്റ്റിൽപ്പെടുത്തി ശിക്ഷിക്കുന്ന ക്രൂരമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. പോലീസുകാരുടെ ഡ്യൂട്ടി സമയം എട്ട് മണിക്കൂറായി നിശ്ചയിച്ചത് എസ്.ഐ. തലം മുതലുള്ളവർക്കും ബാധകമാക്കണം. പോലീസ് ഡിപ്പാർട്ടുമെന്റിലുള്ള ഡ്രൈവർമാർക്ക് അതാത് ജില്ലയിൽ ജോലി ചെയ്യാനുള്ള അനുവാദം കൊടുക്കണം. കോഴിക്കോട് ജില്ലയിലെ ടൂറിസം വികസന പദ്ധതികൾ മന്ദഗതിയിലാണ്. ഡി.ടി.പി.സി കൂടാറില്ല. ടൂറിസ്റ്റുകൾ ആരും ഈ ജില്ലയിൽ വരാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. കോഴിക്കോട് ജില്ലാ ജയിലിന്റെ അവസ്ഥ ശോചനീയമാണ്. അവിടെ ഏതാണ്ട് 65-ഓളം ജീവനക്കാരുടെ കുറവുണ്ട്. അത് നികത്താൻ നടപടി സ്വീകരിക്കണം. ജയിൽ കോമ്പൗണ്ടിന് ചുറ്റുമതിൽ കെട്ടാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ജയിലിനുപുറത്തുള്ള പോലീസ് നിരീക്ഷണം കർശനമാക്കണം. കോഴിക്കോട് ജില്ലയിലെ ആറ് ഫയർ സ്റ്റേഷനുകളിലും വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പള്ളിപ്രം ബാലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ . വേണ്ടത്ര ബഡ്ജറ്റ് അലോട്ട്മെന്റ് അനുവദിക്കണം. പോലീസിന് മനുഷ്യ മുഖം നൽകി

ജനകീയവൽക്കരിക്കാനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പോലീസിനെ ജനങ്ങളുടെ സുഹൃത്താക്കി മാറ്റാനും ക്രമസമാധാന നില ഉറപ്പുവരുത്താനും വേണ്ട നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. കഴിഞ്ഞ അഞ്ചു വർഷത്തിൽ നിന്നും വ്യത്യസ്തമായി ജനസമ്പർക്ക പരിപാടികൾ സംഘടിപ്പിച്ചതിലൂടെ പൊതുജനങ്ങൾക്ക് പോലീസിനെ സഹായിക്കാൻ കഴിയുമെന്ന് തെളിയിക്കാൻ സാധിച്ചു. മുല്ലപ്പെരിയാർ ഡാമിൽ പോസ്റ്റ് ചെയ്തിട്ടുള്ള പോലീസുകാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ക്രമസമാധാന നില മെച്ചപ്പെട്ടു. കാസർഗോഡ് ജില്ലയിലെ റാണിപുരം നല്ല ടൂറിസം സെന്ററായി വികസിപ്പിക്കാവുന്ന സ്ഥലമാണ്. അവിടെ റോഡ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചാൽ ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും. അതുപോലെ കളരിപ്പയറ്റ്, പൂരംകളി, നാടൻ കളികൾ ഇവയൊക്കെ പ്രോൽസാഹിപ്പിച്ചാൽ വിനോദ സഞ്ചാര മേഖലയിൽ ഒരു പുതിയ മാറ്റമുണ്ടാക്കാൻ കഴിയും.

<u>ശ്രീ. ബി. രാഘവൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒരു വർഷക്കാലം കൊണ്ട് ടൂറിസം മേഖലയിൽ അസൂയാർഹമായ വളർച്ച കൈവരിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ടൂറിസം മേഖലയിലെ വരുമാനത്തിൽ 18 ശതമാനം വർദ്ധനവുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. പഴുതുകൾ അടച്ച് ഗുണ്ടാനിയമം കൊണ്ടുവരാനും അത് ഫലപ്രദമായി നടപ്പിലാക്കി ജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പുവരുത്താനും ഈ സർക്കാരിന് കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. വർഗ്ഗീയ ലഹള,

വിദ്യാർത്ഥി സമരം, അവകാശ സമരം, പോലീസ് വെടിവെപ്പ് തുടങ്ങിയവ കഴിഞ്ഞ ഒരു വർഷക്കാലമായി സംസ്ഥാനത്ത് കേൾക്കാനില്ല. നയമാറ്റത്തിലൂടെ കേരളത്തിലെ പോലീസ് സേനയെ ഇൻഡ്യയ്ക്കു തന്നെ മാതൃകയാക്കി മാറ്റാൻ ഈ ഗവൺമെന്റിന് സാധിച്ചു. പോലീസുകാരുടെ ജോലിഭാരം കുറയ്ക്കുകയും വനിതാ കോൺസ്റ്റബിൾമാർക്ക് സ്റ്റേഷനുകളിൽ പ്രത്യേക വിശ്രമമുറി അനുവദിക്കുകയും വേണം.

<u>ശ്രീ. കെ. സുധാകരൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പോലീസിന് സ്വതന്ത്രവും നിഷ്പക്ഷവുമായി പ്രവർത്തിക്കാനുള്ള സാഹചര്യമുണ്ടാകണം. പോലീസ് സേനയെ രാഷ്ട്രീയവൽക്കരിക്കാനുള്ള ശ്രമങ്ങൾ ഉപേക്ഷിക്കണം. രാഷ്ട്രീയപരമായ കേസ്സുകളെ ഗുണ്ടാ ആക്ടിന്റെ പരിധിയിൽപ്പെടുത്തുന്ന പ്രവണത ശരിയല്ല. ഈ ഗവൺമെന്റ് ഗുണ്ടാ ആക്ട് നടപ്പിലാക്കുന്ന രീതി തികച്ചും പരാജയമാണ്. ഗുണ്ടാ നിയമപ്രകാരമുള്ള അഡ്വൈസറി ബോർഡിനെ രാഷ്ട്രീയവൽക്കരിച്ചിരിക്കുന്നു. പോലീസ് അസോസിയേഷൻ ജില്ലാ സമ്മേളനം പാർട്ടി സമ്മേളനമാക്കി മാറ്റിയതിലൂടെ കർമ്മനിരതരായ പോലീസ് സേനയേയും രാഷ്ട്രീയവൽക്കരിച്ചിരിക്കുകയാണ്. പോലീസ് അസോസിയേഷൻ നേതാക്കൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ഭരിക്കുന്നുവെന്നു പറയുന്നത് അപഹാസ്യമാണ്. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് ഒരു ആത്മപരിശോധന നടത്തുന്നത് നന്നായിരിക്കും. സംസ്ഥാനത്തെ ക്രമസമാധാന നില പാടെ തകർന്നിരിക്കുകയാണ്. കണ്ണൂർ സെൻട്രൽ ജയിലിലെ തടവുകാരുടെ അഴിഞ്ഞാട്ടം അവസാനിപ്പിക്കണം.

## വ്യക്തിപരമായ വിശദീകരണം

സത്യവിരുദ്ധമായ പ്രസ്താവന നടത്തിയെന്നത് സംബന്ധിച്ച്

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി. യു. കുരുവിള): എന്റെ മകന് വട്ടവടയിൽ 63 സെന്റ് സ്ഥലമുള്ളതായി ശ്രീ. പി.സി. ജോർജ് ഉന്നയിച്ചത് സത്യവിരുദ്ധമാണ്.

## ധനകാര്യം (തുടർച്ച )

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സംസ്ഥാനത്തിന്റെ ക്രമസമാധാനപാലനരംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സുരക്ഷിതത്വം വളരെ മെച്ചമാണ്. ബ്രിട്ടീഷ് ഭരണകാലത്തുള്ള പോലീസ് രീതികളാണ് സംസ്ഥാനത്ത് തുടർന്നുവന്നിരുന്നത് എന്നതിനാൽ അതിൽ മാറ്റം വരുത്തിക്കൊണ്ട് പോലീസ് ആക്ട് പരിഷ്ക്കരിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപ്രകാരം പോലീസിന്റെ നയരൂപീകരണത്തിന് മന്ത്രി ചെയർമാനും പ്രതിപക്ഷ നേതാവ് മെമ്പറായും ഒരു പോലീസ് സെക്യൂരിറ്റി കമ്മീഷൻ രൂപീകരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പോലീസുകാർക്കുള്ള പരാതികൾ പരിഹരിക്കുന്നതിനായി ജസ്റ്റിസ് ദിനേശൻ ചെയർമാനായി പോലീസ് കംപ്ളെയിന്റ് അതോറിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. പോലീസുകാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് വ്യക്തമായ നോംസ് ഉണ്ടാക്കിയിട്ടുണ്ട്. പോലീസുകാർക്ക് ഗ്രേഡ് പ്രൊമോഷൻ നൽകുകയും അതുവഴി പതിനായിരം പോലീസുകാർക്ക് ആനുകൂല്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 34 പോലീസ് സ്റ്റേഷനുകളിൽ ഡ്യൂട്ടി എട്ട് മണിക്കൂറായി

നിജപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടുതൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പോലീസ് സ്റ്റേഷനുകളിൽ അംഗീകൃതമായ സ്ട്രെംഗ്ത് ഉണ്ടാക്കി ശാസ്ത്രീയമായി ക്രമീകരിച്ച് ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കണം. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കും. പോലീസ് സ്റ്റേഷനിൽ വരുന്നവരോട് മാന്യമായി പെരുമാറുന്നതിന് നിർദ്ദേശം നൽകും. റിസപ്ഷൻ കൗണ്ടറുകൾ ആരംഭിക്കും. പോലീസിനെ രാഷ്ട്രീയവൽക്കരിക്കാൻ ഈ ഗവൺമെന്റ് ശ്രമിച്ചിട്ടില്ല. സാമൂഹ്യവിരുദ്ധ ശക്തികളെ നിയന്ത്രിക്കാൻ ഭരണ-പ്രതിപക്ഷങ്ങൾ തമ്മിൽ അഭിപ്രായ സമന്വയമുണ്ടാക്കി ഓർഡിനൻസ് കൊണ്ടുവരികയും വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ള ഗുണ്ടാ ആക്ട് നടപ്പിലാക്കുകയുമാണ് ചെയ്യുന്നത്. ജസ്റ്റിസ് രാജേന്ദ്രബാബു കമ്മിഷൻ റിപ്പോർട്ട് ആക്ഷൻ ടേക്കൺ റിപ്പോർട്ടോടുകൂടി ഈ സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് സമർപ്പിക്കുന്നതാണ്. പാലക്കാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് കവർച്ച, മാള ഇരട്ടക്കൊലപാതകക്കേസ്, മുഖ്യമന്ത്രിക്കുണ്ടായ വധഭീഷണി എന്നിവ സംബന്ധിച്ച് കേസുകളിൽ പ്രതികളെ കണ്ടുപിടിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മന്ത്രിമാർക്ക് ആവശ്യമായ സംരക്ഷണം നൽകിയിട്ടുണ്ട്. സിനിമാ വ്യവസായത്തെ രക്ഷിക്കാൻ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വീഡിയോ ലൈബ്രറികൾ പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് ഈ നിയമസഭാ സമ്മേളനത്തിൽത്തന്നെ ബിൽ കൊണ്ടുവരാൻ ശ്രമിക്കുന്നതാണ്. കെട്ടിക്കിടക്കുന്ന കേസ്സുകളെ സംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായം ഹൈക്കോടതിയെ അറിയിക്കുന്നതാണ്. പട്ടിക

ജാതി/പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചുള്ള കേസ്സുകൾക്ക് പ്രത്യേകമായി 2 കോടതികൾ സ്ഥാപിക്കാനും സ്ത്രീകളുടേയും കുട്ടികളുടേയും നേർക്കുണ്ടാകുന്ന അതിക്രമങ്ങളെ സംബന്ധിച്ച കേസ്സുകൾ അന്വേഷിക്കുന്നതിന് ഒരു സ്പെഷ്യൽ കോടതി സ്ഥാപിക്കാനും സർക്കാർ ആലോചിക്കുന്നുണ്ട്. ദേവാലയ മോഷണം സംബന്ധിച്ച കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി സ്പെഷ്യൽ സ്ക്വാഡ് രൂപീകരിക്കുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ജയിലിൽ ഒരു അഡ്മിനിസ്ട്രേഷൻ ഇല്ലാത്ത അവസ്ഥയായിരുന്നു. അതിന് മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ആദ്യപടിയായി ജയിലിനുള്ളിലെ അരാജകത്വം അവസാനിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. 7 വർഷത്തിനുശേഷം ആദ്യമായി ജയിൽ ഡി.ജി.പി.യുടെ നേതൃത്വത്തിൽ ജയിലിൽ സ്ക്വാഡ് പരിശോധന കർശനമാക്കി. ജയിലിൽ മൊബൈൽഫോൺ ഉപയോഗിക്കുന്നു എന്ന ആരോപണത്തിന്മേൽ പുറത്തുനിന്ന് പോലീസിനെ വിന്യസിപ്പിച്ച് പരിശോധിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. തടവുകാരുടെ വേതനം വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. തടവുകാരുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഡയറി ഫാം, സോപ്പ് ഫാക്ടറി , പ്രിന്റിംഗ് പ്രസ്സ് എന്നിവ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ജീവപര്യന്തം തടവുകാരുടെ ശിക്ഷ ഇളവുചെയ്യുന്ന കാര്യത്തിൽ ഗവണ്മെന്റിന് എന്ത് ചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ജയിൽ അഡ്വൈസറി കമ്മിറ്റി എടുത്തിട്ടുള്ള തീരുമാനങ്ങൾ നടപ്പിലാക്കാൻ ഗവണ്മെന്റ് സന്നദ്ധമാണ്. കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് 2 മാസം മുതൽ 2 വർഷം വരെ തടവുകാർക്ക് ഇളവ് അനുവദിക്കാൻ

തീരുമാനിച്ചിട്ടുണ്ട്. തൃശൂരിൽ ഒരു ഫയർഫോഴ്സ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. ഫയർഫോഴ്സിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മിക്കവാറും എല്ലാ നിയോജകമണ്ഡലങ്ങളിലും ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ 5 ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. സാമ്പത്തിക സ്ഥിതിയനുസരിച്ച് ഫയർ സ്റ്റേഷൻ അനുവദിക്കുമ്പോൾ ഭൂകമ്പ ബാധിത പ്രദേശമായ തലപ്പിള്ളി താലൂക്കിന്റെ കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്. ക്യാമ്പ് ഫോളോവേഴ്സിനെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുടെ വീട്ടുജോലിക്ക് നിയോഗിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നാണ് ഗവൺമെന്റ് തീരുമാനം. അങ്ങനെ തീരുമാനിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്നതാണ്. മുല്ലപ്പെരിയാറിൽ നിയോഗിച്ചിട്ടുള്ള പോലീസുകാർക്ക് ആവശ്യമായ എല്ലാ പശ്ചാത്തലസൗകര്യവും ചെയ്തുകൊടുക്കുന്നതാണ്. എല്ലാ തരത്തിലുള്ള ടൂറിസം വികസനത്തേയും ഈ ഗവണ്മെന്റ് പ്രോൽസാഹിപ്പിക്കും. ടൂറിസത്തിന്റെ ഭാഗമായി 1080 കേന്ദ്രങ്ങളിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ഉൽസവപരിപാടികൾ ആരംഭിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നു. ഉൽസവങ്ങളെ സംബന്ധിച്ച് ലോകം മുഴുവൻ പ്രചരണം നൽകുന്ന വിധത്തിൽ ക്രോഡീകരിച്ച ഒരു കലണ്ടർ പ്രസിദ്ധീകരിക്കും. കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട ടൂറിസ്റ്റു കേന്ദ്രങ്ങളിലും സ്ഥലം എം.എൽ.എ അദ്ധ്യക്ഷനായുള്ള ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കും. കോവളം, തേക്കടി, കുമരകം, വയനാട് എന്നിവിടങ്ങളെ ടൂറിസം മാതൃകാ കേന്ദ്രങ്ങളാക്കി മാറ്റും. 2008 മാർച്ചിൽ ഒരു അന്താരാഷ്ട്ര

ഉത്തരവാദിത്ത ടൂറിസം കോൺഫറൻസ് കേരളത്തിൽ സംഘടിപ്പിക്കുന്നതായിരിക്കും. കേന്ദ്ര ഗവണ്മെന്റ് നല്ല നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. നല്ലൊരു ടൂറിസ്റ്റ് കേന്ദ്രമായ മൂന്നാറിൽ ഇപ്പോഴുണ്ടായിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ ഇടിച്ചുനിരത്തുന്നതിന്റെ ഫലമായി രണ്ടായിരത്തോളം ക്ളാസിഫൈഡ് റൂംസ് ഇല്ലാതായിട്ടുണ്ട്. ഇവിടെ കുറെയധികം ടൂറിസ്റ്റ് റിസോർട്ടുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. ഇവിടത്തെ ടൂറിസം വികസനത്തിനുവേണ്ടി ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ അവിടെ ഉയർത്തിക്കൊണ്ടുവരണം. മൂന്നാറിലെ ടൂറിസം വികസന സാദ്ധ്യത വിപുലീകരിക്കുന്നതിനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ് ഗവണ്മെന്റിന്റെ കാലത്ത് ആക്കുളത്ത് നിർമ്മിക്കാൻ തീരുമാനിച്ച് തുടക്കമിട്ട ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിന്റെ പ്രവർത്തനം സ്വകാര്യ സംരംഭകരുടെ സഹായത്തോടുകൂടി മുന്നോട്ടുകൊണ്ടുപോകാനാണ് ഈ ഗവണ്മെന്റ് തീരുമാനിച്ചിട്ടുള്ളത്. ടൂറിസം വികസനത്തിന്റെ കാര്യത്തിൽ പ്രതിപക്ഷത്തിന്റെ എല്ലാ സഹകരണവും പ്രതീക്ഷിക്കുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

നീതിന്യായ നിർവ്വഹണം എന്ന III -ാം നമ്പർ ധനാഭ്യർത്ഥന 30-നെതിരെ 72 വോട്ടുകളോടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥന 31 നെതിരെ 75 വോട്ടുകളോടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ

ധനാഭ്യർത്ഥനയും 31 നെതിരെ 76 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.06-ന് പിരിഞ്ഞു.

..........